## നേർക്കുനേർ

# പ്രകൃതി സ്നേഹികൾ വികസന വിരോധികൾ: ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻനായർ

**കളമശ്ശേരി:** പ്രകൃതിസ്നേഹികൾ എന്നു പറയുന്നവർ വികസന വിരോധികാളാണെന്നു ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻനായർ അഭിപ്രായപ്പെട്ടു. പരിസ്ഥിതി സംരക്ഷണത്തോടൊപ്പമുള്ള വികസനമാണു വേണ്ടതെന്ന് അദ്ദേഹം പറഞ്ഞു. മരം വെട്ടുന്നതിനെതിരെ കോടതിയെ സമീപിക്കുന്നതു സാധാരണയാണ്. എന്നാൽ, മരം വെച്ചുപിടിപ്പിക്കണമെന്നാവശ്യപ്പെട്ട് ആരും ഇതുവരെ കോടതിയെ സമീപിച്ചിട്ടില്ലെന്നു ജസ്റ്റിസ് രാമചന്ദ്രൻനായർ ചൂണ്ടിക്കാട്ടി. ചങ്ങമ്പുഴ നഗറിൽ നഗരസഭയുടെയും ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റിയുടെയും നേതൃത്വത്തിൽ നടത്തിയ പരിസ്ഥിതി ദിനാചരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പാറ പൊട്ടിക്കരുത്, മരം വെട്ടരുത്, മണൽ വാരരുത്, പാടം നികത്തരുത് തുടങ്ങിയ ആവശ്യങ്ങളുമായി തന്റെ മുൻപിലെത്തിയവരോട് അവരുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഉത്തരവു നൽകിയതല്ലാതെ വികസന പദ്ധതികൾക്കെതിരായ നടപടികൾ, തന്റെ ഹൈക്കോടതി ജഡ്ജിയായിട്ടുള്ള പത്തുവർഷത്തെ ഔദ്യോഗിക ജീവിതത്തിൽ സ്വീകരിച്ചിട്ടില്ല. 25 വർഷമായി തരിശുകിടക്കുന്ന പാടങ്ങളെല്ലാം നികത്താൻ അനുവദിക്കണമെന്ന അഭിപ്രായമാണു തനിക്കുള്ളതെന്ന് അദ്ദേഹം പറഞ്ഞു. പ്രകൃതിയെ ചൂഷണം ചെയ്യാതെ ഒരു വികസനവും നടക്കില്ല. പരിസ്ഥിതി മനുഷ്യനു വേണ്ടിയുള്ളതാണ്. മനുഷ്യന്റെ നിലനിൽപ്പിനു പരിസ്ഥിതി സംതുലനം ആവശ്യമാണ്. ഒരു മരം വെട്ടുമ്പോൾ പത്തു മരം നടാൻ തയ്യാറാകണം. നഷ്ടപ്പെട്ട വനസമ്പത്ത് തിരികെ കൊണ്ടുവരണം. ജസ്റ്റിസ് രാമചന്ദ്രൻനായർ പറഞ്ഞു.

(മലയാള മനോരമ, കൊച്ചി, 6-6-2011)

# വക്കീൽപ്പണി മാന്യമായ തൊഴിലല്ല: എം.കെ. ഗാന്ധി

**എല്ലാ** മനുഷ്യരിലും നന്മയുടെ അംശമുണ്ട്. വക്കീലന്മാർ ചെയ്തതായി പറയപ്പെടുന്ന നന്മ അവരിലെ നല്ല മനുഷ്യരുടെ സംഭാവനയാണ്. അല്ലാതെ വക്കീൽപ്പണിയോടതിന് ബന്ധമില്ല. അഭിഭാഷകവൃത്തി സന്മാർഗ്ഗമല്ല പഠിപ്പിക്കുന്നതെന്നും അതുവച്ചു നീട്ടുന്ന പ്രലോഭനങ്ങളിൽ നിന്നു രക്ഷപ്പെടാൻ നന്നേ കുറച്ചുപേർക്കേ കഴിയൂ എന്നും വ്യക്തമാക്കലാണ് എന്റെ ഉദ്ദേശ്യം.

ഹിന്ദുവും മുസ്ലീമും തമ്മിൽ വഴക്കിട്ടാൽ ഒരു സാധാരണക്കാരൻ അവരോടു പറയുക "സംഗതി മറന്നു കളയൂ" എന്നാവും. "തെറ്റ് ഏറെക്കുറെ രണ്ടുപക്ഷത്തുമുണ്ട്. മേലാൽ അതാവർത്തിക്കരുത്". എന്നാൽ തർക്കകക്ഷികൾ വക്കീലന്മാരെ സമീപച്ചാലോ? തന്റെ കക്ഷിയുടെ പക്ഷം ചേരലാണു വക്കീലിന്റെ കടമ. തന്റെ കക്ഷി ചെയ്തതെല്ലാം ശരി, മറുകക്ഷി ചെയ്തതെല്ലാം തെറ്റ് എന്ന മട്ടിലൊരു കേസ് അയാൾ കെട്ടിച്ചമയ്ക്കുന്നു. ആളുകൾക്ക് തർക്കപ്രശ്നങ്ങളുണ്ടാവുമ്പോൾ വക്കീലന്മാരതിൽ സന്തോഷിക്കുമെന്നത് എനിക്കു നേരിട്ടറിവുള്ള കാര്യമാണ്. മാന്യതയില്ലാത്ത വക്കീലന്മാർ ശരിക്കും കൃത്രിമക്കേസുകളുണ്ടാക്കും. അവരുടെ കിങ്കരന്മാർ അട്ടകളെപ്പോലെ ആളുകളുടെ ചോരയൂറ്റിക്കുടിക്കും. വക്കീൽപ്പണി മാന്യമായ തൊഴിലാണെന്നു കണ്ടുപിടിച്ചത് വക്കീലന്മാർ തന്നെയാണ്. വക്കീലന്മാരെങ്ങനെ വക്കീലന്മാരായെന്നും അവർക്കു പ്രത്യേക സൗജന്യങ്ങളെങ്ങനെ കിട്ടിയെന്നും നാം ആദ്യമേ മനസ്സിലാക്കണം. ഇതറിഞ്ഞാൽ വക്കീൽപ്പണിയോട് എനിക്കുള്ള വെറുപ്പ് നിങ്ങൾക്കുമുണ്ടാകും. വക്കീൽപ്പണി വ്യഭിചാരംപോലെ അധമമാണെന്നു മനസ്സിലാക്കി, വക്കീലന്മാരൊക്കെ അതുപേക്ഷിച്ചാൽ അന്നുതന്നെ ബ്രിട്ടീഷുഭരണം തകരും. മത്സ്യത്തിനു ജലമെന്നപോലെ കലഹപ്രിയരായ നമുക്കു ജീവിക്കാൻ കോടതി വേണമെന്ന ആരോപണം നമുക്കെതിരെ വച്ചുകെട്ടാൻ വക്കീലന്മാരെയാണ് ഇംഗ്ലീഷുകാർ കരുക്കളാക്കിയത്. **വക്കീലന്മാരെപ്പറ്റി പറഞ്ഞതെല്ലാം ജഡ്ജിമാർക്കും ബാധകമാണ്.** അന്യോന്യം ശക്തിപകരുന്ന മച്ചുനന്മാരാണിവർ.

(ഇന്ത്യയുടെ അവസ്ഥ - വക്കീലന്മാർ, ഹിന്ദ്സ്വരാജ്)

### ഷർമ്മിള കാമ്പയിൻ

മണിപ്പൂരിലെ പട്ടാള കരിനിയമത്തിനെതിരെ പത്തുവർഷത്തിലധികമായി നിരാഹാരം നടത്തുന്ന ഇറോം ഷർമ്മിളയുടെ മോചനത്തിന് വേണ്ടിയുള്ള ദേശീയ കാമ്പയിൻ മെയ് 22ന് ആരംഭിച്ചു. ആഗസ്റ്റ് 18 വരെ നടക്കുന്ന കാമ്പയിനിൽ പങ്കെടുക്കാൻ അഭ്യർത്ഥിക്കുന്നു. ബന്ധങ്ങൾക്ക്: സണ്ണി പൈകട - 9446234997

### ഗാന്ധിയൻ വർത്തമാനം

സാമൂഹിക സാഹചര്യങ്ങളെ ഗാന്ധിയൻ കാഴ്ചപ്പാടുകളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുന്ന ഗാന്ധിയൻ വർത്തമാനം എന്ന പരിപാടി ഒക്ടോബർ 5 മുതൽ 9 വരെ തൃശൂർ സൽസബീൽ ഗ്രീൻ സ്കൂളിൽ വച്ച് നടക്കും. ഗാന്ധികഥ അവതരണത്തിന് നാരായൺ ദേശായി പങ്കെടുക്കാനെത്തുന്നു. ബന്ധങ്ങൾക്ക്: കെ. സഹദേവൻ 8547698740

### പെരുമഴക്യാമ്പ്

ജൂലായ് 15,16,17 തീയതികളിൽ പെരുമഴക്യാമ്പ് മണ്ണാർക്കാട് നേച്ചർ ലൈഫ് ഇന്റർനാഷണലിൽ നടക്കുന്നു. ബന്ധങ്ങൾക്ക്:സന്തോഷ്, 9496044507

### മഴനടത്തം - ക്യാമ്പ്

വയനാട്ചുരം - അടിവാരത്ത് നിന്ന് ലക്കിടിയിലേക്ക്. ജൂലായ് അവസാന വാരം. ബന്ധങ്ങൾക്ക്: 9446581778